
പറക്കാം
പറന്നുയരാം
സെന്റ് മേരീസ് എ.ഐ.ജി.എച്ച്.എസ്
ഫോർട്ട് കൊച്ചി



# പ്രധാന അദ്ധ്യാപിക

കുട്ടികളുടെപാഠ്യേതര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കലാസാഹിത്യ രംഗത്ത് ആർജിച്ചിട്ടുള്ള നേട്ടങ്ങൾ പ്രകടിപ്പിക്കുന്നതിനും വേദിയൊരുക്കുന്ന "ലിറ്റിൽ കൈറ്റ്സ് " സംരഭമായ സദ്ഗമയ 'ഇ' മാഗസിന് എല്ലാവിധ ആശംസകളും.........!!!!!!!!!!!!!!!
അണിയറ ശില്പികളായ അദ്ധ്യാപകർക്കും വിദ്ധ്യാർത്ഥികൾക്കും അനുമോദനങ്ങൾ.

സി.ലൂസി മാതൃ
പ്രധാന അദ്ധ്യാപിക



# മാനേജർ

സെൻ്റ്. മേരീസ് എ.ഐ.ജി.എച്ച്.എസിലെ
അദ്ധ്യാപകരുടെയും ലിറ്റിൽ കൈറ്റസ്
ക്ലബ് അംഗങ്ങളുടെയും ശ്രമ ഫലമായി
“സദ്ഗമയ" എന്ന പേരിൽ "ഇ" മാഗസീനിൻ
യാഥാർത്ഥ്യമാക്കുവാൻ സാധിച്ചു.
വിദ്ധ്യാർത്ഥികളിൽ അന്തർലീനമായ
സർഗ്ഗാത്മകതകളെ കണ്ടെത്താനും
പരിപോഷിപ്പിക്കുവാനും ഇതിലൂടെ
സാധിക്കട്ടെ.ഈ ഉദ്യമം
സഫലീകൃതമാകുന്നതിനു വേണ്ടി
പ്രയത്നിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ...

സി.ഗെട്രൂഡ് മൈക്കിൾ
മാനേജർ



# പി.റ്റി.എ പ്രസിഡന്റ്

ശാസത്രീയമായ അറിവിലൂടെ നാളത്തെ സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുവാൻ കൈറ്റ് എന്ന സംഘടനയ്ക്ക് കഴിയും. ഇതിനായി കൈറ്റിലെ എല്ലാ അംഗങ്ങൾക്കും, ഇതിന് നേതൃത്വം നല്കുന്ന എല്ലാ അദ്ധ്യാപകർക്കും എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

ജോസഫ് എഡ്വേർഡ്
പി.റ്റി.എ പ്രസിഡന്റ്

# എഡിറ്റോറിയൽ ബോഡ്

മിസ്. ട്രീസ ജ്രൂഡ്

മിസ്. സുഷ ഹാരിയറ്റ്

സിസ്റ്റർ. ഷൈനി തോമസ്

മിസ്റ്റർ. ജോൺകുട്ടി

കുമാരി.എൻജിലീന

കുമാരി. ഫാത്തിമ ഷിറിൻ

കുമാരി. ഫസ്ന പി.എ

കുമാരി. നേഹ വി.ആർ

കുമാരി. നിദ ഷൗക്കത്ത്

കുമാരി. ഐഷ നെഫ്രിൻ

പ്രത്യേക നന്ദി

മിസ്. നിഷ

മിസ്. ബെസ്സി

# എഡിറ്റോറിയൽ ബോഡ്




# ലിറ്റിൽ കൈറ്റസ് അംഗങ്ങൾ.



# ഉള്ളടക്കം


വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം....................11
Top Notcher’s 2018-19....................13
എന്റെ ബാല്യം....................15
ശ്രദ്ധ....................16
എന്റെ സ്വപ്നം....................17
വിദ്യാലയം....................18
പ്രകൃതി....................20
സാഗരറാണി....................21
സാന്ദ്രസംഗീതം....................22
मेरा हाबी पुस्तक वाचन....................23
പുസ്തകം....................24
ഒരു നല്ല കവിത....................25
പരിസ്ഥിതിസംരക്ഷണവും....................26
लोकोक्तियां....................29
സൗഹൃദം....................30
അവൾ....................31
मेरी प्यारा पालतू कुत्ता....................32
തോരാതെ പെയ്ത മാരി....................35
കാറ്റും മഴയും കഥയും....................37
മനുഷ്യമൃഗങ്ങൾ....................38
ഒരു പ്രളയദുരന്തത്തിന്റെ ഓർമ്മ....................40
മഹാ ദുരന്തം....................40
കടങ്കഥകൾ....................42
രാത്രി....................44
T HE BEAUTY THAT SURROUNDS....................47



## വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം

**ഇന്ദ്രിയങ്ങൾ വഴി നമുക്കു കിട്ടുന്ന അനുഭവങ്ങളും അതിൽക്കൂടി ലഭിക്കുന്ന അനുമാങ്ങളുമാണ് അറിവ്. വിദ്യാഭ്യാസത്തിൽ കൂടി നമുക്കു അറിവു വർദ്ധിപ്പിക്കുകയും ആ അറിവിനെ സ്വീകരിക്കുകയും ചെയ്യാം. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം പലർക്കും പലതായിരിക്കും.ചിലർ അറിവു നേടുക എന്ന ഉദ്ദേശത്തോടുകൂടിയായിരിക്കും വിദ്യാഭ്യാസം നേടുന്നത്.മറ്റു ചിലർ അതു ജീവിതമാർഗ്ഗമായി മാത്രം കരുതും.നമ്മുടെ രാജ്യത്തെ 70% ജനങ്ങളും നിരക്ഷരരാണ്. ഏതുരാജ്യം വിദ്യാഭ്യാസത്തിന് മുന്നിൽ നിൽക്കുന്നുവോ, അവർ പുരോഗതിയിലേയ്ക്ക് കുതിച്ചുചാടാൻ വെമ്പൽ കൊള്ളുന്നവരാണ്. വിദ്യാഭ്യാസമുള്ള ജനതയ്ക്കു തെറ്റും ശരിയും മനസ്സിലാക്കുവാനുള്ള കഴിവ് മറ്റുള്ളവരെ അപേക്ഷിച്ചു കൂടും. അതുപോലെ താൻ ചെയ്യാൻപോകുന്ന പ്രവർത്തികളുടെ ഭവിഷ്യത്തുകളെ മുൻകൂട്ടി മനസ്സിലാക്കികൊണ്ട് നാശത്തിൽ നിന്നും കുറെയെല്ലാം അകന്നു നിൽക്കുന്നതിനും വിദ്യ സിദ്ധിച്ചവന് സാധിക്കും. മനുഷ്യൻെറ ഏറ്റവും വലിയ ധനംവിദ്യാഭ്യാസമാണ്. പണമോ,മറ്റ ആകർഷണിയതയോ ഒന്നുമില്ലെന്കിലൊ,വിദ്യയുള്ളവന് പണ്ഡിതർ എന്ന ബഹുമതി ലഭിക്കും. അവൻെറ പാണ്ഡിത്വത്തെ അംഗികരിക്കുവാനുംഅനുകരിക്കുവാനും ആളുകൾ കാണും. വിദ്യാഭ്യാസമുള്ള ഒരു വ്യക്തിക്ക് രാജ്യപുരോഗതിയ്ക്കായി പലതും ചെയ്യുവാൻ സാധിക്കും. അറിവിനെ ഒരിക്കലും ഒരു സ്ഥലത്തും കെട്ടിനിൽക്കുവാൻ അനുവദിക്കരുത്.അതിനെ പലയിടത്തേയ്ക്കും ഒഴുകുവാൻ അനുവദിക്കണം.എന്നാൽ കുറച്ചു കാലങ്ങൾക്കുള്ളിൽ നമ്മുടെ രാജ്യത്തിൻെറ നാനാഭാഗങ്ങളിലെ ഓരൊ ബിന്ദുവിലും വിദ്യയെന്ന വെള്ളിരേഖ പ്രകാശിക്കുന്നത് കാണാം.അതായിരിക്കും നമ്മുടെ നാടിൻെറ ഐശ്വര്യം നല്ലൊരു**

**നാളയെ പടുത്തുയർത്താനുള്ള ശ്രമമായിരിക്കട്ടെ നമ്മുടെ ലക്ഷ്യം ആലക്ഷ്യം നിറവേറുവാൻ വിദ്യാഭ്യാസം നമ്മെ സഹായിക്കും.**

**സി.ലൂസി മാത്യു**
**പ്രധാന അദ്ധ്യാപിക**

# Top Notcher's 2018-19





**എന്റെ ബാല്യം**

കാലങ്ങളെത്രയോ പിറകോട്ടു നീങ്ങണം
ബാല്യത്തിൽ മധുരം നുകരാൻ
ഹൃദ്യമാം നീലിമ ചാർത്തി വിളങ്ങുന്ന
ഗഗനമെൻ കളിവീടിൻ മച്ച്
കുയിലിന്റെ നാദത്തിൻ പിറകേ നടന്നയെൻ
ബാല്യത്തിലെത്തുവാൻ മോഹം
അമ്മയെപ്പോലെ ഞാനെന്നാകുമെൻ മനം
ആദ്യമായി ചോദിച്ച നിമിഷം
പൈതങ്ങൾ തന്നുടെ പ്രിയങ്കരിയാമൊരു
ഗുരുനാഥയാകുവാൻ മോഹം
കിളിത്തോഴരോടോത്തു കിന്നാരം ചൊല്ലവേ
അവരിലൊരാളാവാൻ മോഹം
പൂക്കളെ ചുംബിച്ചുണർത്തി ഞാനാദ്യമായ്
മലരിൻ മരന്ദം നുകർന്നു
എന്നെ തഴുകി കടന്നു പോവുന്നയാ
മാരിതൻ കുളിരിനെ പുല്കി
അനിലനെയാർദ്രമായ് ചുംബിച്ചു
ശലഭങ്ങൾക്കൊത്തു ഞാൻ പാറിപ്പറക്കവേ
വർണ്ണങ്ങളെന്നിൽ പതിഞ്ഞ
ഞാനവയുടെ കാമുകിയായി
അമ്പിളി മാമനെ പുല്കിയുറങ്ങവേ
സപ്നങ്ങളായിരമെത്തി-ഞാൻ സർണരഥത്തിലാറാടി

അന്ന ബെൻസിലി

Std ix c



# ശ്രദ്ധ

ക്ലാസ്സിലിരുന്ന് ഉറക്കം തൂങ്ങുകയായിരുന്ന ടോമി. ടീച്ചർ അവനെ കൈയോടെ പിടികൂടി "ക്ലാസ്സിൽ ഇരുന്ന് ഉറങ്ങുന്നത് മോശമല്ലെ ടോമി? എന്താ ക്ലാസ്സിൽ ശ്രദ്ധിക്കാത്തത്?" ഉടനെ ടോമിയുടെ മറുപടി വന്നു. “ക്ലാസ്സിൽ ശ്രദ്ധിച്ചിട്ടു തന്നെയാ ഉറങ്ങിപ്പോയത്. ടീച്ചറുടെ ശബ്ദം ഒരു സുന്ദരമായ പാട്ടുപോലെ ഉണ്ട്. പാട്ടുകേട്ടാൽ ആരാ ടീച്ചറെ ഉറങ്ങാത്തത്?” ടോമിയുടെ മുഖസ്തുതി കേട്ട് ചിരി വന്നെങ്കിലും ടീച്ചർ ഗൗരവം വിട്ടില്ല.

“അപ്പോൾ മറ്റുള്ളവരൊ! അവരാരും ഉറങ്ങുന്നില്ലല്ലോ!”

“അതിന് അവരാരെങ്കിലും ക്ലാസ്സിൽ ശ്രദ്ധിച്ചിട്ട് വേണ്ടെ”. വിരുതൻ ടോമിയുടെ മറുപടി കേട്ട് ടീച്ചർ അന്തംവിട്ടു.

ക്ലാസ്സിലിരിക്കുമ്പോൾ ശ്രദ്ധ പൂർണ്ണമായി വേണമെന്ന് ടീച്ചർ ടോമിയെ ഉപദേശിച്ചു.

ക്രിസ്റ്റ കാർമൽ

Std ix B



# എന്റെ സ്വപ്നം

മുത്തശ്ശി കഥയിലെ
കുളങ്ങളും അരുവിയും
എന്റെ സ്വപ്നത്തിൽ
കൂട്ടിലായ് മാത്രമായ്
ഒളിഞ്ഞു കിടക്കുന്നു

വറ്റിവരണ്ട ജലാശയങ്ങളും
നോക്കി വേഴാമ്പൽ പോലെ
ഒരിറ്റ് ദാഹ നീരിനായ്
കൊതിക്കുന്നു പൈതങ്ങൾ

അമൃത ലക്ഷ്മി
STD ix A



**വിദ്യാലയം**

പേരും പെരുമയുമൊത്തു ചേർന്നുള്ളൊരു
അമ്മ മഹാറാണിയെന്നുടെ കൊച്ചിയിൽ
തിലകക്കുറിപോലെ വേറിട്ടു നില്ക്കുന്നു.
നമ്മുടെ പാഠശാലയിതു സെൻ്റ മേരീസ്
റാങ്കുകളൊത്തിരി നേട്ടമായ് കിട്ടിയ
പെൺകുട്ടികളുടെ ഗുരുകുല സ്ഥാപനം
നൂറ്റാണ്ടു പിന്നിട്ടൊരീ കലാശാലതൻ
തേരാളിയായി വിളങ്ങുന്ന സിസ്റ്റർ ട്രീസാ
പാഠം പഠിക്കാനും കായിക കലകൾക്കും
എന്നുമൊപ്പം നിന്നു പ്രചോദനമേകുന്നു
നാടാകെ കമ്പ്യൂട്ടർ ക്ലാസ്സു തുടങ്ങുന്നു
പി.ടി.എ. മീറ്റിംങ്ങ കൃത്യമായ് കൂടുന്നു
രണ്ടായിരത്തോളം കുട്ടികൾക്കൊക്കെയും
ഗുരുഭൃതന്മാർക്കും മാതൃകയാവുന്നു.
ടൂറുകളെന്നും പതിവാണിവിടുത്തെ
ലൈബ്രറിപോലും മഹത്തരമാകുന്നു
പോരായ്മയെല്ലാം നികത്തിയിപ്പോഴിതാ
പ്ലസ്ടുവിൻ ക്ലാസ്സുകൾ ആഗതമായല്ലോ
പാറട്ടെ പാറട്ടെ പാറിപ്പറക്കട്ടെ
ഈ പാഠശാലതൻ വർണ്ണക്കൊടിയെന്നും.

ഐഷ നെഫ്രിൻ
STD ix A






**Anusha Theresa.P.G**

# പ്രകൃതി



മഴ കൊണ്ടതു ഞാനോ ?
വഴിയിലിലഞ്ഞിത്തറയിൽ
നിഴലും ചാരിയിരുന്ന ഞാൻ
ഭൂമിയനശ്വര സുന്ദരശില്പങ്ങ
ളാത്മാവിലാരോ വരച്ചു ?
സപ്തവർണ്ണങ്ങൾ ചാലിച്ച ചാലിച്ച
സ്വപ്നപദങ്ങൾ തീർത്തു
പുഞ്ചിരി കൊണ്ടു വസന്തം വിടർത്തുന്ന
പുഷ്പോത്സവങ്ങൾക്ക പോലും
ഉത്തരമില്ലായിരുന്നു, യീ ഭൂമിയിൽ
സ്വപ്നങ്ങളാരേ വിടർത്തി ?
എത്തും പിടിയും ലഭിക്കാത്തൊരാത്മീയ
ശക്തിയിതാരോ പകർന്നു
ഓർക്കുവാനെന്നുമോമനിക്കുവാൻ മൈത്രി
മാത്രമെനിക്കെന്റെ ശക്തി
നക്ഷത്ര ഭംഗികളാവിഷ്കരിക്കുന്നു
ഇക്ഷിതി സ്വർഗീയ ശില്പി

അമല ജോസ്
STD ix A

## സാഗരറാണി



**ദൈവത്തിൻ സ്വന്തം നാടായ**
കേരളഭൂമിതൻ ഓമനപുത്രി
നിന്നുടെ പേരോ ഫോർട്ടുകൊച്ചി
സഞ്ചാരികളുടെ പറുദീസയായും
അറബികടലിൻ റാണിയായി
ചീനവലകളിൽ കണ്ണും നട്ട്
ജൂതത്തെരുവിൻ മദ്ധ്യ വിശ്രമിക്കുക-
യാണോ അലസമായ് നീ
വാസ്കോഡിഗാമതൻ പാദസ്പർശത്താൽ
തരളിതമാം നിൻ മൃദുമേനിയിൽ
പാലൊളി പൊൻപ്രഭ ചൊരിയുന്നതാര്
പൊൻ വിളക്കേന്തുന്ന വിദ്യാലയങ്ങളോ
പൊന്നുഷസന്ധ്യയിൽ മുങ്ങിക്കുളിച്ച്
ചിരിതൂകി നില്ക്കുന്ന രാജവീഥികളെ
നിങ്ങളോതുന്ന വിളമ്പരമെന്ത്
പൗരാണികതയുടെ സന്ദേശങ്ങളോ?
മുത്തശ്ശിമാരായ തണലോരവൃക്ഷങ്ങൾ
കുളിർകാറ്റ് വീശി നിന്നെ തഴുകുമ്പോൾ
സാന്താക്രൂസിൻ പള്ളിമണി മുഴങ്ങുന്നുഅസ്തമയ സൂര്യൻ കടലിൽ താഴുന്നുഹാ
എത്ര സുന്ദരം നിൻമെയ്യഴക്.

ആൻമേരി പോൾ
STD ix B

**സാന്ദ്രസംഗീതം**



കണ്ണീർ കണമായി പെയ്തിറങ്ങി
തേങ്ങുമെൻ മൗന ഗാനം
നിശയോടടുത്തു പൊൻ-
നിലാവു പെയ്തിറങ്ങി
തളർന്നു പാടീടും ഒരു കൊ-
ച്ചു പൈങ്കിളിതൻ
മൗന നൊമ്പരഗാനം
രാഗമായ് പ്രിയ നാദമായ്
പ്രിയ തോഴിതൻ കാതിൽ മൂളും നേരം
സ്വരരാഗസംഗീതം കേട്ടു തളിർത്തൊരു-
കർണ്ണങ്ങൾക്കൊരാശ്വാസഗീതം

നേഹ.എൻ.എൻ

STD VIII B



## मेरा हाबी पुस्तक वाचन

मेरा हाबी पुस्तक वाचन है
पुस्तक होती है आनमोल
बिन बोले ही देती बोल
पुस्तक देती हमको

जब होता मन परेशान

सूझे न जब कोई निदान

पुस्तक से मिलाता समाधान

मन मे बज अठते है ढोला

पुस्तक होती है आनमोला

Angel Pavithra Antony
STD 8th B



## പുസ്തകം

അറിവാണോ മാനവാ, നിൻ-
ജീവിതപ്രശ്നമെങ്കിലൊരുനോട്ടം
കൺകുളിർക്കെ നോക്കുവിൻ!
പുസ്തകമെന്നൊരു പാതയുണ്ടെ-
ങ്കിലക്ഷരമെന്ന വിളക്കുണ്ടക്ഷരമെ-
ന്ന ദീപവെളിച്ചത്തിലൂടെ കടക്കു-
ന്ന പാതയെന്നൊറ്റക്ഷരമാണെൻ
പുസ്തകം!
നോക്കുവിൻ മാനവാ,പു-
സ്തകത്തിൽ, അറിവെന്ന
പാതയിലൂടെ കടക്കുവിൻ-
നീ.
സ്വർണ്ണമാം കെട്ടുകൾ കെട്ടിപ്പൂ-
ട്ടിയിട്ടിട്ടെന്താണ കാര്യമെന്നാർക്കറി-
യാം?അറിവെന്ന കെട്ടുകൾ കെട്ടിപ്പൂട്ടേ-
ണ്ടതില്ലെന്നു മാത്രമല്ല, പകരണം
പകരണം അറിവെന്ന പാത,
അറിവായ്, നിറവായ്, ജ്വലിക്കയായ്
ഈ ഭൂമി!

**By Salma C.S**

STD 9th B



## ഒരു നല്ല കവിത

ഒരു നല്ല കവിതയാണെന്റെ കുഞ്ഞുണ്ണിമാഷ്
ഒരു വലിയ കവിതയാണെന്റെ കുഞ്ഞുണ്ണിമാഷ്
ഒരു വലിയ മനസ്സുള്ള കുഞ്ഞുണ്ണിമാഷ്
വായിച്ച് വളരാനും വളയാതെ വിളയാനും
വിത്തായി വളമായി വന്നവൻ മാഷ്
മൂന്നക്ഷരം കൊണ്ട് മുക്കോടിജനതയെ
ഊട്ടി ഉറക്കി ഉണർത്തിയ മാഷ്
കുഞ്ഞായിരിപ്പാനും കുന്നായിരിപ്പാനും
ഒന്നായിരിപ്പാനും മോഹിച്ച മാഷ്
ഒരു കുറുങ്കവിതയായി അറിവിന്റെ അലകളായി
ഒഴുകട്ടെ ഓർമ്മകൾ തഴുകിടട്ടെ!

**Rizana A. Nizar**
**STD VIIIC**



## പരിസ്ഥിതിസംരക്ഷണവും

### ജീവൻെറ നിലനിൽപ്പും

കോടാനുകോടി ചരാചരങ്ങളെ കൊണ്ട് നിറഞ്ഞ ഈ ഭൂമി പ്രപഞ്ചസൃഷ്ടാവ് കനിഞ്ഞു നൽകിയ വരധാനമാണ്. ജീവൻെറ നിലനിൽപ്പിന് ആവശ്യമായ എല്ലാ വിഭവങ്ങളും അതേ ജീവവായുവും,വെളിച്ചവും,ആഹാരസമൃദ്ധിയും,മണ്ണും,പാർപ്പിടവും എല്ലാ പ്രപഞ്ചം പ്രദാനം ചെയ്യുന്ന അനുഗ്രഹങ്ങളാണ്.ഓരോ ഋതുക്കളും കാലാനുസൃതമായി വന്നുപോവുകയും കാലികമായ ജീവിതാവസ്ഥകൾ നൽകുകയും ചെയ്യുന്നു.വേദോപനിഷത്തുകൾ പ്രഘോഷിക്കുന്നതുപോലെ മനുഷ്യനും പ്രകൃതിയും ഈശ്വരനും ഒത്തുചേരുമ്പോൾ പ്രപഞ്ചജീവിതം മംഗളപൂർണ്ണമാകുന്നു എന്നാൽ ബുദ്ധിജീവയെന്ന് അഭിമാനിക്കുന്ന മനുഷ്യൻ അറിഞ്ഞോ അറിയാതെയോ നമ്മൾ ആവാസകേന്ദ്രമായ ഭൂമിയുടെ പരിസ്ഥിതിയെ ഖണ്ഡിക്കുമ്പോൾ പ്രപഞ്ചജീവിതത്തിൻെറ താളം തെറ്റുന്നു. ശിലായുഗത്തിൽ നിന്ന് ഹൈടെക്ക് യുഗത്തിലേക്കുള്ള മാനവരാശിയുടെ വളർച്ചയും ഉയർച്ചയും ശ്ലാഘനീയം തന്നെ.വിജ്ഞാനം അനുനിമിഷം കുതിച്ചുയർന്ന് കൊണ്ടിരിക്കുകയാണ്. ബുദ്ധിജീവിയായ മനുഷ്യൻെറ മസ്തിഷ്ക്കത്തിൽ ഉദയം ചെയ്തുകൊണ്ടിരിക്കുന്ന ആശയകുമ്പാരങ്ങൾ പ്രപഞ്ചജീവിത്തിൻെറ മുഖഛായ തന്നെ മാറ്റികൊണ്ടിരിക്കുന്നു. ജീവിതം സുഖകരമാക്കുന്നതിലും സവ്വോചരി ആധുനികരിക്കുന്നതിലും ഉള്ളമാനവൻെറ തലച്ചോറിനെ പ്രശംസിച്ചേ മതിയാവൂ !. എന്നാൽ മികവുകളുടെ ,നേട്ടങ്ങളുടെ പേരിൽ നാം ചെയ്യുന്ന പ്രവർത്തികൾ പ്രക്രതിയുടെ പരിസ്ഥിതിയെ തകർക്കുന്നതാവരുത്.ആശാസ്യമല്ലാത്ത സയൻസും ടെക്നോളജിയും ഉപേക്ഷിച്ചേ മതിയാവൂ.

ജീവിതസുഖസൗകര്യങ്ങൾക്കുവേണ്ടി നാം ചെയ്യുന്ന പ്രവർത്തികളും പ്രപഞ്ചത്തിനും സകലചരാചരങ്ങൾക്കും നമുക്കുതന്നെയും ഹാനികരമായി തീരുന്നു. അഹിതമായ രാസവസ്തുക്കളുടേയും മറ്റും ഉപയോഗം മൂലം നാം ശ്വസിക്കുന്ന വായുവും കുടിക്കുന്ന ജലവും വിഷമയമാകുന്നു. കൂടുതൽ ഫലം പ്രതീക്ഷിച്ചുകൊണ്ടു സസ്യലതാദികളിൽ പ്രയോഗിക്കുന്ന രാസവസ്തുക്കൾ അടങ്ങിയ വെള്ളങ്ങളും പ്രാണികളെ നശിപ്പിക്കുന്നതിനായി തളിക്കുന്ന മരുന്നുകളും മറ്റും പച്ചക്കറികളേയും പഴങ്ങളേയും വിഷമയമാക്കുന്നു. ഇവ ആഹാരവസ്തുക്കളായിമാറുമ്പോൾ, മനുഷ്യൻ പലമാരകരോഗങ്ങൾക്കും അടിമകളായി മാറുന്നു. ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന രാസപദാർത്ഥങ്ങൾ അടങ്ങിയ മലിനജലം യാതൊരു വിവേചനബുദ്ധിയുമില്ലാതെ ജലാശയങ്ങളിലേക്ക് പുറന്തള്ളുകയും അവയെ വിഷമയമായ കാളിന്ദീ നദികളാക്കുകയും ചെയ്യുന്നു. മലിനജലത്തെ ശുദ്ധീകരിച്ചെടുക്കുവാനുള്ള സാങ്കേതികവിദ്യ നമ്മുടെ കൊച്ചുകേരളത്തിലും ലഭിക്കുമെങ്കിലും നമ്മുടെ മുതലാളിമാരുടെ ലാഭക്കൊതി അനുവദിക്കുന്നില്ല എന്നതാണ് സത്യം !.പരിസ്ഥിതിമലിനീകരണവും ശബ്ദമലിനീകരണവുമെല്ലാം ജീവജാലങ്ങളുടെ സ്വൈരജീവിതത്തിൻെറ താളം തകർക്കുന്നു. ശബ്ദമലിനീകരണം നാഡീ-ഞരമ്പുകൾ ഹൃദയം തുടങ്ങിയ അവയവങ്ങൾക്ക് ക്ഷതമേല്പിക്കുകയും മാനസികപിരിമുറക്കത്തിനും കേൾവിശേഷി നഷ്ടപെടലിനും കാരണമാവുകയും ചെയ്യുന്നു.പരിസ്ഥിതിസംരക്ഷണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ഭൂമിയെ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനുമാണ് ഐക്യരാഷ്ട്രസഭയുടെ അഭിമുഖ്യത്തിൽ 1972- മുതൽ ലോകപരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങിയത്. ഡിസംബർ 2-ാം തിയ്യതി ദേശിയ മലിനീകരണ നിയന്ത്രണ ദിനമായി ഇന്ത്യയിൽ ആചരിക്കുന്നു.പ്രകൃതി അമ്മയാണ്. ആധുനിക വത്ക്കരണം പലപ്പോഴും അമ്മയെ നശിപ്പിക്കുന്നു അഥവാ മാനഭംഗപ്പെടുത്തുന്നു. പ്രകൃതിക്ക്,പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ പ്രവർത്തിക്കുന്നത് ലോകനാശത്തിന് കാരണമാകും. അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിൻെറ വർദ്ധന ഭൂമിയിലെ ചൂട് വർദ്ധിക്കാനിടയാക്കുന്നു.

അന്തരീക്ഷത്തിൽ ഓരോ വർഷവും 2300 കോടി ടൺ കാ

ർബൺഡയോക്സൈഡാണ് വർദ്ധിക്കുന്നത്. ഇതിൽ 97 ശതമാനവും

വികസിതരാജ്യങ്ങളുടെ സംഭാവനയാണ്. ഇതു മൂലം മഞ്ഞുമലകൾ ഉരുകി

സമുദ്രജല വിതാനം ഉയരുന്നതിനും കാരണമാകുന്നു.വനനശീകരണമാണ്

പരിസ്ഥിതിസംരക്ഷണത്തെ വിപരീതമായി ബാധിക്കുന്ന പ്രധാന ഘടകമാണ്

വനനശീകരണവും പ്ലാസ്റ്റിക്കിൻെറ ഉപയോഗവും. ജീവജാലങ്ങളുടെ

സൈ്വര്യതയെ നശിപ്പിക്കുന്നതെന്തും നമുക്ക് ഉപേക്ഷിക്കാം.മരങ്ങൾ

നട്ടുപിടിപ്പിച്ചും,മണ്ണിനേയും ജലസ്രോതസ്സുകളേയും മലിനമാക്കുന്ന കീടനാശിനികളേയ

രാസവസ്തുക്കളേയും ഉപേക്ഷിച്ചും നമുക്ക് പരിസ്ഥിതിയെ സംരക്ഷിക്കാം .

**Niranjana shaji**
**STD VIII D**



# लोकोक्तियां

“ऊँची दुकान फीका पकवान”

“एक पथ को दो काज”

“ एक हाथ से ताली नही बजती”

“एकता बडी शक्ति है"

"एक कान सुना दूसरे  कान उडा दो"

"आंछे के पेट में बात नहीं पचती"

"दूर के ढोल सुहावने लगते हैं"

"अति का भला न बरसना, अति की भी न धूप"

"जो गरजते है वे बरसते नहीं "

"जैसा बोओगे वैसा काटोगे"

"तुरंत दान महा कल्याण "

"कमीने मित्र से सदा भय"

"कहीं गदहा भी घोडा बन सकता है ?”

"काम ही कारीगर बनाता हैं"

"कभी अधें के हाथ भी बटेर लग जाती हैं"

"आग लगे तब खोदे कुआं "

"हवन करते हाथ ज़लना "

Gayathri V.S STD8th



# സൗഹൃദം

സന്തോഷത്തിലും ദു:ഖത്തിലും
വന്നു ചേരുന്ന കൂട്ടുകാർ
സന്തോഷത്തിൽ ചിരിക്കാനും
ദു:ഖത്തിൽ ആശ്വാസമേകുവാനും
അലസത കൂടാതെ എത്തുന്നു
യാഥാർഥ സുഹൃത്ത്.
ഇണങ്ങിയും പിണങ്ങിയും
കളിച്ചും ചിരിച്ചും
ഹാസ്യകൂട്ടുകാർ എത്തുന്നു
എന്റെ ലോകത്തേക്ക്....
ജീവിതം എന്ന പുഴയിലെ
മത്സ്യങ്ങളിൽ ഒരംഗമാവുന്നു.
ഒരും പറ്റം മത്സ്യങ്ങൾ
വന്നു ചേരുന്ന പുഴയിൽ
അംഗമാവുക എന്ന ആഗ്രഹം
അവർ സാക്ഷാൽക്കരിക്കുന്നു.
ശരീരം എത്രയോ ആവാം
എന്നാൽ മനസ്സ് ഒന്നാണ്.
എന്ന ആശയം ഉന്നയിക്കുന്നുഅവർ സുഹൃത്തുക്കൾ.......

-നൂറുൽ ഹുസ്ന എം.എസ് STD8th B



## അവൾ

ഒരു രാത്രിയുടെ പാതയിൽ അവളെ പരിഞ്ഞുപോയ അമ്മയുടെ കുഴിയുടെ മുഞ്ഞിൽ ഇരുന്നു തേങ്ങി അവൾ പോന്നു. അന്ധകാരത്തിന്റെ പാത കീറി മുറിച്ച് അവൾ നടന്നു നീങ്ങി. ആരോരുമില്ലാത്ത അനാഥയായ അവൾ പുതിയ ഒരു ലോകം തേടിയിറങ്ങി.

സൂര്യൻ ഉദിച്ചു. കിളികൾ കളകളാ രാഗത്തിൽ പാടാൻ തുടങ്ങി. സ്നേഹത്തിന്റെ ആ മധുരമായ ഗീതികളുടെ ആ കുഞ്ഞു മനസ്സിൻ നോവേറ്റ് അവൾ നടന്നു. ആരോരുമില്ലാത്ത അവൾ കൂട്ടായി പ്രകൃതിയെ വിളിച്ചു. അവൾ വന്നു, സ്നേഹത്തിന്റെ ഒരു ചെറു കാറ്റു വീശി...

മഞ്ഞുവീണ താഴ്‌വരയിൽ മലകൾക്കു പിന്നൽ സൂര്യോദയത്തിന്റെ രശ്മിയുടെ ഇടയിലൂടെ അവൾ സ്വപ്നങ്ങളിൽ കണ്ട ആ നഗരം.

പച്ചപ്പുല്ലിൻ നടുവിൽ സൂര്യദേവൻ കനിഞ്ഞ ആ നഗരം സുവർണ്ണ നിറത്തിൽ മഴവില്ലിൻ നിറങ്ങൾ ചാലിച്ച വിവിധ നിറത്തിലുള്ളതും, മരങ്ങൾക്കിടയിലൂടെ ചെറു പുഷ്പങ്ങൾ വിരിഞ്ഞ ആ ലോകം അവൾ കണ്ടു. അവിടേക്ക് മുറിവുണങ്ങാത്ത മനസ്സുമായി അനാഥയായ അവൾ പോയി...

Aliviya K Serjil
STD8$^{th}$ C

# मेरी प्यारा पालतू कुत्ता



मेरा पालतू कुत्ता एक जर्मन शेपर्ड है|उनका नाम शइन है|वे हर बार सक्रिरय रहती है|मैं उसे बहुत प्यार करती हूँ | जितना प्यार हमने कुत्ते को देती है वे उसका सौ गुण प्यार हमे वापस देते है और अपने जीवन के अंत तक हमारे प्रति वफादार बने रहते है | मेरा कुत्ता मुझे तहे दिल से प्यार करती है | मुझे उन्का साथ बहुत खुशी अनुभव करता है | मुझे उन्का साथ खेलना, समय व्यतीत करना सब बहुत पसंद है | वे मेरा एक अच्छा दोस्थ है, जो हमेशा मेरा साथ खेलने के लिए तैयार होती है | रात में वे हमारे घर के एक सुरक्षा गार्ड के रूप में काम करता है | मेरा शइन की उपस्थिति के कारण हमारा घर अधिक सुरक्षित स्थान है | केवल मैं ही नहीं मेरा पूरा परिवार उसे पसंद करता है और वो भी वापस प्यार देती ह Leya Mariya

STD 8th B


RIZANA·A·NIZAR VIII C

## തോരാതെ പെയ്ത മാരി



മുറ്റത്തിൻ മടിത്തട്ടിൽ കളിക്കുകയായിരുന്നു.പെട്ടെന്ന്..

.. ആകാശം കറുത്തു...സൂര്യനെ മറച്ചു മേഘങ്ങൾ നിറഞ്ഞു.നല്ലമഴക്കുള്ള കോളാണ്. അമ്മ ഉറക്കെ വിളിച്ചു പറഞ്ഞു "കളി മതിയാക്കി അകത്തു കയറൂ." പെട്ടെന്ന് ഒരു ഇടിയും മിന്നലും,ഞങ്ങൾ പേടിച്ച് അകത്തേക്കോടി.പെട്ടെന്ന് ഒരു മാരി തന്റെ സങ്കടങ്ങൾ പറഞ്ഞ് തോരാതെ പെയ്തു.നമ്മൾ മനുഷ്യർ കടലിനേയും, മലകളേയും, കുന്നിനേയും,മരങ്ങളേയും ഒക്കെ നശിപ്പിച്ച കാര്യം പറഞ്ഞ് മഴ ഉറക്കെ കരഞ്ഞു.പൊട്ടലും ചീറ്റലുമായി ഉച്ചത്തിൽ മറ്റുള്ളവരെ താക്കീത് ചെയ്തുകൊണ്ട്. ഞങ്ങൾ ആകെ വിറച്ചു. മനസ്സാകെ ഭയത്താൽ മുങ്ങി. കരച്ചിൽ കൂടി. രോധനത്താൽ കാതുകൾ നിറഞ്ഞു.മുറ്റം വെള്ളത്തിൽ മുങ്ങി . ജനലിൽ കൂടിയുള്ള ആ കാഴ്ച്ച മനോഹരമായിരുന്നെങ്കിലും ഓരോ ജീവനും തന്റെ മനസ്സിൽ ഒരു വലിയ ഭയാനകമായ കാഴ്ച്ച കുറിച്ചിട്ടു. ഭൂമി തന്റെ പ്രാണൻ നോവിച്ച എല്ലാവരെയും വിറപ്പിച്ചുകൊണ്ട് തന്റെ സങ്കടങ്ങൾ പറഞ്ഞുകൊണ്ട് കരഞ്ഞ വെള്ളമിതാ മുട്ടോളം ഉയർന്നു .അമ്മയും അച്ഛനും ധൃതിയിൽ സാധനങ്ങൾ മച്ചിൻ പുറത്തേക്ക് മാറ്റുന്നു. മനസാകെ മാനവികതയിൽ മൂടി സ്മിതങ്ങൾ മാഞ്ഞു രോധനം കൂടി. മനസ്സ് പിടഞ്ഞു. ജീവൻ ഇല്ലാതെയായികൊണ്ടിരിക്കുന്നു. ദൈവത്തെക്കാൾ വലിയവനാണെന്ന് നടിച്ചവനെല്ലാം ഒരു മണ്ണിരയെപ്പോലെ താഴുന്നു. ആ ഇരുട്ടിലും വെളിച്ചം പകർന്നുകൊണ്ട് മത്സ്യത്തൊഴിലാളികൾ മുന്നിലേക്ക് വന്നു. വെള്ളം

കൂടിയതല്ലെ ക്യാമ്പിലേക്ക് ഞങ്ങൾ മാറി. കഷ്ടതയുടെയും ഇല്ലായ്മയുടെയും വില അറിഞ്ഞത് അപ്പോഴാണ്. മാരി തന്റെ സങ്കടങ്ങൾ ദിവസങ്ങളോളം

പങ്കുവെച്ചുകൊണ്ടിരുന്നു തന്നെയില്ലാതാക്കിയവർ നഷ്ടപ്പെടലിന്റെ വില അറിയുന്നതുവരെ. മഴ സങ്കടങ്ങൾ പറഞ്ഞുപറഞ്ഞു തന്റെ കരച്ചിൽ കുറച്ചു. അങ്ങനെ വീട്ടിലേക്ക് തിരികെപോയപ്പോൾ കണ്ടത് മഴ കൊണ്ടുപോയ സന്തോഷങ്ങളാണ്. ഇത് എന്റെ മാത്രം കഥയല്ല 2018 ഓഗസ്റ്റിൽ മണ്ണിടിഞ്ഞവരുടെയുമാണ് പ്രകൃതിയെ നഷിപ്പിച്ചതിന് പ്രകൃതി നൽകിയ ദുഖ: സമ്മാനം.

-Ayisha Almaz
STD 8th D



## കാറ്റും മഴയും കഥയും

കാറ്റും മഴയുമൊരാഘോഷം
വീട്ടിലെനിക്കതു സന്തോഷം
അകലെക്കാഴ്ചകൾ മറവായി
പുകപോലെങ്ങും നീരാവി
കാറ്റടി വീട്ടിൽ കയറാതെ
കതകുമടച്ചൂ വലിയമ്മ
കാപ്പിതരാനുണ്ടെന്നമ്മ
കഥപറയാനുണ്ടമ്മൂമ്മ
“കഥപറയാം ഞാൻ കുട്ടികളേ
അതിനിനിമൂളാനാരാരോ”
“മൂളാം ഞാങ്ങളതിൽത്തന്നെ
മുഴുകിയുറങ്ങിപ്പോയാലോ ? ”
“കതകിനു മൂട്ടിച്ചെവിപാർക്കും
കാറ്റും മഴയും മൂളൂലോ”

Aayisha Hashim
STD 8th C



# മനുഷ്യമൃഗങ്ങൾ

പൊലിഞ്ഞു ഒരു കുഞ്ഞുജീവൻ
മനുഷ്യമൃഗങ്ങൾ കാരണത്താൽ
പാമ്പോ തുടങ്ങി, അധ്യാപകരും
ഡോക്ടർമാരുമായി അന്ത്യത്തിൽ........
കണ്ണുനീർ ഒഴുക്കി പറഞ്ഞു
ഷഹ്‌ലയും സഹപാഠികളും
കുത്തിയത് ആണിയല്ലാ..........
പാമ്പാണ് സാറേ.........കടിച്ചത്
കേട്ടില്ല.....കേൾക്കില്ലാ
ആ മനുഷ്യമൃഗങ്ങൾ
പിന്നീട് ആശുപത്രികൾ-
കേറിയിറങ്ങി.... രക്ഷയുണ്ടായില്ല....
ഒടുവിൽ ഹൃദയമിടിപ്പ് നിലച്ചു
അന്ത്യത്തിലേക്ക് ചാഞ്ഞു
ഷഹ്‌ലയുടെ ശബ്ദം മാഞ്ഞു
നിദയുടെ ശബ്ദം ഉയർന്നു
ഉയരട്ടെ  ശബ്ദങ്ങൾ.....
അറിയട്ടെ ലോകം.

-Noorul Husna M.S
STD8th B

**ഒരു പ്രളയദുരന്തത്തിൻെറ ഓർമ്മ**



**2018 -ൽ നടന്ന ഒരു നടുക്കുന്ന ഓർമ്മയാണ്പ്രളയം.ദുരിതത്തിലായ മനുഷ്യരുടെ സകല സാധനങ്ങളും സമ്പത്തും നഷ്ടമായി .കുറെ പേർ മരണപ്പെട്ടു. സർവ്വവും നഷ്ടമായവർ ദുരിതാശ്വാസ ക്യാമ്പിൽ അഭയം തേടി. പല സ്കൂളുകളും ക്യാമ്പുകളായി. സഹായഹസ്തങ്ങയളുമായി പലരും മുന്നോട്ടുവന്നു.പാവപ്പെട്ട മത്സ്യതൊഴിലാളികൾ കൈമെയ്യ് മറന്ന് രക്ഷാപ്രവർത്തിന് ഇറങ്ങി. വിദേശ മലയാളികൾ സഹായിക്കാനെത്തി. വലിയ ദുരന്തത്തെ ഒരുമിച്ച് നേരിട്ടതുകൊണ്ട് കേരള മക്കളെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല ."ഒരുമയാണ് പെരുമ".**

**Neha V.R**
**STD VIII B**



# മഹാ ദുരന്തം

അങ്ങ് ദൂരെ മാമലകളുടെ അപ്പുറത്ത് ഒരു ഗ്രാമം ഉണ്ടായിരുന്നു. ആ ഗ്രാമത്തിലെ ആളുകൾ വളരെ സന്തോഷത്തോട് കൂടിയാണ് കഴിഞ്ഞിരുന്നത്. പെട്ടെന്നാണ് അത് സംഭവിച്ചത് ഒരിക്കൽ ശക്തമായ കൊടുംകാറ്റുവീശി മരങ്ങൾ ആടി ഉലയാൻ തുടങ്ങി ആകാശം ഇരുണ്ടുവന്നു ആളുകൾ പരിഭ്രാന്തരായി ഇതു തന്നെ രണ്ടു ദിവസം തുടർന്നു. ടി.വി യിലും പത്രത്താളുകളിലുമെല്ലാം ഈ വാർത്ത ഇടംപിടിച്ചു. കടലിനരികെയുള്ള ആളുകൾക്ക് മുഞ്ഞറിയിപ്പ് നൽകി. കാരണം ഇങ്ങനെയൊന്നും അവിടെ ഇതുവരെ സംഭവിച്ചിട്ടില്ലായിരുന്നു. അങ്ങനെയിരിക്കെ അപ്പുക്കുട്ടൻ ഓടി പുറത്തേക്കിറങ്ങി.അവൻ വിളിച്ചു പറഞ്ഞു അമ്മേ അമ്മേ.......ആകാശം ശരിയായി. അമ്മ അപ്പുക്കുട്ടനെ തല്ലാനായി വടിയുമായി ഉമ്മറത്തേക്ക് ഓടി വന്നു. അവരും അതിശയിച്ചു പോയി.അങ്ങനെ ആളുകൾ പുറത്തേക്കിറങ്ങാൻ തുടങ്ങി. ഓരോരുത്തരും അവരവരുടെ ജോലികളിൽ ഏർപ്പെട്ടു. അപ്പോഴാണ് സണ്ണി ച്ചേട്ടൻ തന്റെ വീട്ടിൽ ഒരു പട്ടിയെ വാങ്ങിയത്.വളരെനാളത്തെ തന്റെ ഭാര്യയുടെ ആഗ്രഹമാണ്. അവൾ പറഞ്ഞതല്ലേ ഒരെണ്ണത്തിനെ അങ്ങ് വാങ്ങിയേക്കാം. ഭാര്യ ഉമ്മറത്തേക്ക് ഓടി വന്നു. സണ്ണിച്ചേട്ടൻ പറഞ്ഞു "നിനക്കായി ഒരു സാധനം ഞാൻ കൊണ്ടുവന്നിട്ടുണ്ട്”. താൻ കൊണ്ടുവന്ന പട്ടിയെ ഭാര്യയ്ക്ക് കാണിച്ചുകൊടുത്തു അവൾക്ക് വളരെ സന്തോഷമായി. ഭാര്യ പറഞ്ഞു "എനിക്കറിയാമായിരുന്നു

നിങ്ങൾ എന്നെങ്കിലും എന്റെ ആഗ്രഹം സാധിക്കുമെന്ന് ". അയാൾ പട്ടിയെ പരിപാലിക്കേണ്ട രീതി ഭാര്യയ്ക്ക് കാണിച്ചുകൊടുത്തു. അങ്ങനെ അടുത്തദിവസം ഭാര്യ പട്ടിക്ക് ഭക്ഷണം കൊടുക്കാനായി കൂട് തുറന്നു പെട്ടെന്ന് പട്ടി ഓടി വീടിനകത്തേക്ക് കയറി എന്തുചെയ്യണമെന്നറിയാതെ ഭാര്യ പട്ടിയെ പിടിക്കാൻ ഓടി. പട്ടിക്കിത് ഒരു രസമാണ് ആളുകളെ കളിപ്പിക്കുന്നത്. അങ്ങനെ പട്ടിയെ കിട്ടി കൂടിനകത്തിട്ടു. ഭാഗ്യത്തിന് കുഞ്ഞുണർന്നില്ല ഭാര്യ വിചാരിച്ചു. അങ്ങനെ രാത്രിയായി ഭാര്യ ഭർത്താവിനോട് എല്ലാ കാര്യവും പറഞ്ഞു. എല്ലാം സൂക്ഷിച്ച് ചെയ്യണം ഭാര്യയും ഭർത്താവും ഭക്ഷണം കഴിച്ച് കിടക്കാൻ ഒരുങ്ങി. പട്ടിയെ കൂട്ടിലിട്ട് അവർ നിദ്രയിലാണ്ടു. പെട്ടെന്ന് പട്ടി കുരയ്ക്കാൻ തുടങ്ങി. ഭാര്യ നല്ല ക്ഷീണത്തോടെ ഉറങ്ങുകയായിരുന്നു. ഭർത്താവ് ഉണർന്ന് വാതിൽ തുറന്ന് പുറത്തേക്ക് നോക്കിയപ്പോൾ അതിശയിച്ചു പോയി. വീടിന്റെ പടിവരെ വെള്ളം, അപ്പോൾ രാത്രി നല്ല മഴയായിരുന്നു അയാൾ വിചാരിച്ചു.

വെള്ളം കൂടി വരാൻ തുടങ്ങി. അയാൾ ഭാര്യയെ വിളിച്ചുണർത്തി പറഞ്ഞു. "വെള്ളം വീടിനുള്ളിൽ വന്നു. പെട്ടെന്നു നമുക്ക് രക്ഷപ്പെടാം. കുറച്ചുകൂടി കഴിഞ്ഞാൽ നമ്മൾ മുങ്ങി ചാവും. നമുക്ക് എത്രയും പെട്ടന്നു രക്ഷപ്പെടാം". അവർ സാധനങ്ങളുമായി ഓടി. ഭാര്യയും ഭർത്താവും കുട്ടിയേയും കൂടെ പട്ടിയേയും കൊണ്ടുപോയി. അവർ തികച്ചും വെള്ളത്തിലായി പാവം പട്ടിമാത്രം മുങ്ങി വേറെ ദിശയിലെത്തി. അവർക്ക് പട്ടിയെ രക്ഷപ്പെടുത്താൻ സാധിച്ചില്ല. പട്ടി നീന്തി, പക്ഷെ അവൻ മുങ്ങിപ്പോയി. ആ പട്ടിയെ പിന്നീടാരും കണ്ടില്ല. വീട്ടുകാർ അന്വേഷിച്ചു, പക്ഷെ കണ്ടെത്താൻ സാധിച്ചില്ല. അതൊരു മഹാ ദുരന്തമായിരുന്നു. ഒരിക്കലും മറക്കാത്ത ദുരന്തം!

Sania basil kavu
8th D



## കടങ്കഥകൾ

1. അടയുടെ ഉള്ളിൽ പെരുമ്പറ.- തേനീച്ചക്കൂട്

2. അരിപിരി അരിപിരി വല്ലി വല്ലി വല്ലിയിലായിരം പല്ലിമുട്ട-

3 . ഉണ്ടാക്കാൻ പാട്,ഉണ്ടാക്കിയാലൊടുങ്ങില്ലാകൊടുത്താൽ ഇരട്ടിക്കും.- വിദ്യ

4.ഓടി നടക്കും തീപന്തം.- മിന്നാമിന്നുങ്ങ്

5.കാട്ടിലെ മുത്തിപട്ടം കണ്ടുവന്നപ്പോൾ വെളുത്ത വെളുത്ത.- കടലാസ്

6.ഞെട്ടില്ലാത്തൊരു മുണ്ടൻ ചക്ക.- മുട്ട

7.വെള്ളക്കടലിൽ നടുക്ക് കരിന്തടാകം.- കണ്ണ്

**Nidha Shoukath**
**VIIIB**

# രാത്രി



**വെള്ളിനക്ഷത്രങ്ങൾ പരന്നു വാനിൽ**
**ചന്ദ്രിക പട്ടു വിരിച്ചു ഭൂവിൽ**
**വെൺമേഘശകലങ്ങൾ തിങ്ങി വാനിൽ**
രാത്രിയിൽ ആ നീല വാനിലെങ്ങും
മാരുതൻ താളം പിടിച്ചു മെല്ലെ
തെങ്ങുകൾ ഉന്മാദം പൂണ്ടുനിന്നു
ചന്ദ്രിക തൻ പൂനിലാവൊളിയിൽ
മുങ്ങിക്കളിച്ചുവാ കൊച്ചുഗ്രാമം
നിശയെ സ്വാഗതം ചെയ്തുകൊണ്ട്
മുല്ലപൂവുകൾ മിഴി തുറന്നു
തമസ്സിലലിയുമീ പ്രപഞ്ചത്തെ
പരിമളം കൊണ്ടു നീ മൂടിയല്ലൊ !

**Ananya A**
**STD VIIID**



साने के अण्डे देने वाली मुर्गी

एक व्यक्ति के पास एक चमत्कारी मुर्गी थी।वो एक ऐसी मुर्गी थी जो पतिदिन एक सोने का अण्डा देती या।एक दिन वह व्यक्ति सोचने लगा कि एक - एक अण्डे के मिलने से वह जलदी धनवान नही बन पायेगा। इसलिए उसने एक उपाय सोचा की एक- एक सोने के अण्डे के बजाय क्यों ना वो सारे अण्डा एक सात निकाले। तब, उसने निशचय किया कि सारे अ डे मुर्गी को काट कर एक सात निकाल लिए जाये।पर जब उसने मुर्गी को काटा तो उस मे से एक भी सोने का अण्डा नहीं निकला।इसलिए वह व्यक्ति धनवान नहीं बना। बल्कि जो एक - एक अण्डा पाता था उसे भी हाथ धौ बैठा ।

शिक्षा - लालच बूरी बला है


NIRANJANA SHAJI VIII.D

## ഫോർട്ട്കൊച്ചി സെന്റ്. മേരീസ് . എ. ഐ. ജി. എച്ച്. എസ്സിലെ വിദ്യാർത്ഥിനികൾ എൽ. ഇ. ഡി ലാംമ്പുകൾ നിർമ്മിച്ചു

ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയുടെ സന്ദേശം സമൂഹത്തിന് പകർന്നുകൊണ്ട് സെന്റ്. മേരീസ്. എ. ഐ. ജി. എച്ച്. എസ്സിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനികൾ സയൻസ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ എൽ. ഇ. ഡി ലാംമ്പുകൾ നിർമ്മിച്ചു. വൈദ്യുതിയുടെ അമിതോപയോഗം ലഘൂകരിക്കുക എന്ന സോദ്ദ്യേശത്തോടെ മറ്റ് ലാംമ്പുകളെ അപേക്ഷിച്ചു വൈദ്യുതിയുടെ ആവശ്യകത കുറവുള്ള എൽ. ഇ. ഡി ലാംമ്പുകളുടെ നിർമ്മാണത്തിലൂടെ ഊർജ്ജ സംരക്ഷണം സാദ്യമാക്കുക എന്നതായിരുന്നു ലക്ഷ്യം.ഈ പ്രോജക്ടിലൂടെ വലിയ ഒരു സന്ദേശമാണ് പ്രസ്തുത വിദ്യാർത്ഥിനികൾ സമൂഹത്തിന് പ്രദാനം ചെയ്തത് അതോടൊപ്പം തങ്ങളുടെ വീടുകളിൽ മറ്റു ലാമ്പുകൾക്കു പകരം എൽ. ഇ. ഡി ലാംമ്പുകൾ ഉപയാഗിക്കുമെന്നും അവർ സത്യപ്രതിജ്ഞ ചെയ്തു.



## THE BEAUTY THAT SURROUNDS

**How nice it feels to take a deep breath**
**In this cool morning of a new spring....**
**how fresh it feels to open the eyes,**
**To a new world each day......**
**New people, new lessons,**
**New feelings each day.....**
**Blooming or smiling are these flowers?**
**Shaking or hugging are these trees?**
**The floating clouds in the blue sky....**
**The flying crowds in the blue sea....**
**What an artist God must be.....**
**For such is the beauty that surrounds**
**The world all around.**

# WALL PAINTING







# IT SUB-DISTRICT OVERALL WINNERS




CANOSSA
READING
CORNER
Book
Marks
Saint
Elizabeth Ann Seton
HEIDI

# തനത് പ്രവർത്തനം






THANK YOU